# പതിമൂന്നാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 409** — **12.06.2012ൽ മറുപടിയ്ക്ക്**

## മാലിന്യനിർമ്മാർജ്ജന പ്ലാന്റുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. എം. ഷാജി | ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ-ഗതാഗതവകുപ്പുമന്ത്രി) |
| (എ) അനെർട്ടിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് മാലിന്യനിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതി നടപ്പാക്കിവരുന്നുണ്ടോ; | (എ) മാലിന്യ നിർമ്മാർജ്ജനത്തിനായി അനെർട്ടിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) ഇതുപ്രകാരം കഴിഞ്ഞ 5 വർഷങ്ങളിൽ ഓരോ വർഷവും എത്ര പ്ലാന്റുകൾ ഇതുവരേയും സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) ഈ പദ്ധതി കഴിഞ്ഞ വർഷം മുതലാണ് നടപ്പിലാക്കി വരുന്നത്. ഇതു പ്രകാരം 2011-ൽ 550 ഫാമിലിടൈപ്പ് ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചു. 2012-ൽ ഇതേവരെ 2500 പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായുള്ള അനുമതി നൽകിയിട്ടുണ്ട്. ഇവയുടെ നിർമ്മാണം നടന്നു വരുന്നു. |
| (സി) ഇതിനായി ഗുണഭോക്താക്കൾക്ക് വാഗ്ദാനം ചെയ്തിരുന്ന സബ്സിഡി നിരക്ക് വിശദമാക്കുമോ; | (സി) 2011 ൽ സ്ഥാപിച്ച 550 പ്ലാന്റുകൾക്ക് കേന്ദ്ര സർക്കാർ അനുവദിച്ച സബ്സിഡി മാത്രമാണ് വാഗ്ദാനം ചെയ്തിരുന്നത്. ഇതനുസരിച്ച് 1 ക്യു.മീ ശേഷിയുള്ള പ്ലാന്റുകൾക്ക് 4000 രൂപയും 2 മുതൽ 10 ക്യു. മീ ശേഷിയുള്ള പ്ലാന്റുകൾക്ക് 8000 രൂപയുമാണ് അനുവദിച്ചിട്ടുള്ളത്. ഇപ്പോൾ സ്ഥാപിച്ചു വരുന്ന 2500 പ്ലാന്റുകൾക്ക് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുള്ള 8000 രൂപയും, കേന്ദ്ര സർക്കാരിന്റെ പദ്ധതി വരുന്ന മുറയ്ക്ക്, കേന്ദ്ര സർക്കാർ തീരുമാനിക്കുന്ന തുകയുമാണ് സബ്സിഡിയായി വാഗ്ദാനം ചെയ്തിട്ടുള്ളത്. |
| (ഡി) ഇത്തരത്തിൽ സ്ഥാപിച്ച പ്ലാന്റുകളുടെ പ്രവർത്തനക്ഷമത പരിശോധിച്ചിട്ടുണ്ടോ; | (ഡി) ഇല്ല |

| | | | |
|---|---|---|---|
| (ഇ) | പ്ലാന്റ് സ്ഥാപിച്ചിട്ടുള്ളവർക്കെല്ലാം സബ്സിഡി അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ അത് അനുവദിക്കുമെന്ന് വ്യക്തമാക്കുമോ? | (ഇ) | 2011 ൽ സ്ഥാപിച്ച 550 പ്ലാന്റുകൾക്ക് സബ്സിഡി വിതരണം ചെയ്തു കഴിഞ്ഞു. ഇപ്പോൾ സ്ഥാപിച്ചു വരുന്ന 2500 പ്ലാന്റുകളിൽ, നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം തുടങ്ങിയവയ്ക്ക് സംസ്ഥാന സർക്കാർ വിഹിതമായ 8000 രൂപ വിതരണം ചെയ്തു വരുന്നു. |

**സെക്ഷൻഓഫീസർ**